

# സിബ്ബ് ഘടിപ്പിക്കുന്നത് എങ്ങനെ

ഈ വീഡിയോയിൽ നമ്മൾ സിപ്പർ ഫുട്ട് ഉപയോഗിച്ചുകൊണ്ട് തുണിയിൽ എങ്ങനെ സിപ്പർ അറ്റാച്ച് ചെയ്യാം എന്ന് പഠിക്കാം. നിങ്ങളുടെ സ്വീയിങ്ങ് മെഷീനിൽ ഇത് നിങ്ങൾക്ക് ലഭിക്കുന്നുണ്ട്.









തുടങ്ങാൻ ഒരേ വലിപ്പത്തിലുള്ള തുണിയുടെ രണ്ട് പീസുകൾ, ഒരേ നീളത്തിലുള്ള രണ്ട് സിപ്പർ ബീഡഡ് പിന്നുകൾ എന്നിവ വേണം.

വെളുത്ത നിറമുള്ള വശം തുണിയുടെ തെറ്റായ വശവും മൃദുലമായ ചുവപ്പ് നിറമുള്ള ഭാഗം ശരിയായ വശവുമാണ്.

സിപ്പർ എടുത്താൽ നിങ്ങൾക്ക് മനസ്സിലാക്കാം റണ്ണറോഡ് കൂടിയ ഭാഗം അതിന്റെ റൈറ്റ് സൈഡും മറുഭാഗം ഫ്ലാറ്റാണെന്ന കാര്യം. റണ്ണർ താഴേയ്ക്ക് വലിച്ച് സിപ്പർ തുറന്ന് സിബ്ബിന്റെ വലത് വശം തുണിയുടെ വലത് വശത്തോട് ചേർത്ത് വയ്ക്കുക. തുണിയും സിബ്ബറും അരികത്ത് ശ്രദ്ധാപൂർവ്വം ചേർത്ത് വച്ച് ബീഡഡ് പിന്നുകൾ കൊണ്ട് സുരക്ഷിതമാക്കുക.

സിപ്പർ ഫുട്ട് അറ്റാച്ച് ചെയ്യാൻ നീഡിൽ മേലോട്ട് ഉയർത്തുക. എന്നിട്ട് ക്ലാമ്പ് വിട്ട് പോരാൻ പ്രസ്സർ ഫുട്ട് യോജിപ്പിച്ചെടുക്കുക. ഇനി പ്രസ്സർ ഫുട്ട് ബാറിന് അടിയിൽ യോജിപ്പിക്കുക. സിപ്പർ ഫുട്ടിൻ മേൽ ഫിക്സ് ചെയ്യാൻ സിപ്പർ ഫുട്ട് പ്രസർ ഫുട്ട് ലീവർ താഴ്ത്തുക.

മെഷീൻ പ്രവർത്തിപ്പിച്ച് സിപ്പറിന്റെയും തുണിയുടേയും ഫുട്ടിന്റെ അരികിലായി ചേർത്ത് വയ്ക്കുക.

സ്റ്റിച്ചിംങ്ങ് തുടങ്ങുന്നതിന് മുമ്പ് പാറ്റേൺ സെലക്ടർ ഡയൽ ഏ സെറ്റ് ചെയ്യുക. സ്റ്റിച്ച് ലെങ്ങ്ത് സെലക്ടർ ഏയിലേയ്ക്ക് മാറ്റുക. ഇനി സിപ്പറിന്റെ ഈ സൈഡ് സ്റ്റിച്ച് ചെയ്യാം. ബീഡഡ് പിന്നുകളുടെ അടുത്തെത്തുമ്പോൾ അവ മാറ്റാൻ മറക്കരുത്.








അറ്റത്ത് എത്തുമ്പോൾ പ്രസ്സർ ഫുട്ട് ഉയർത്തുക. തുണി മാറ്റി നൂല് കട്ട് ചെയ്യുക.

ഇനി നിങ്ങൾക്ക് സിപ്പറിന്റെ മറുഭാഗം തയ്ക്കാം.

തുണിയുടെ മറ്റേ കഷ്ണത്തിന്റെ വലത് സൈഡ് മേലോട്ട് വയ്ക്കുക. എന്നിട്ട് സിപ്പർ എഡ്ജിന്റെ അവശേഷിക്കുന്ന ഭാഗവുമായി ചേർക്കുക. ബീഡഡ് പിന്നുകൾ കൊണ്ട് ഉറപ്പിക്കുക. ഇനി ഇതിനെ സിപ്പർ ഫുട്ടുമായി യോജിപ്പിച്ച് തയ്ക്കുക.

ഇപ്പോൾ സിപ്പർ വൃത്തിയായ തുണിയുമായി അറ്റാച്ച് ചെയ്തിരിക്കുന്നു.

ആഹാ നിങ്ങൾ കാണുന്നില്ലേ എത്ര നല്ല ലുക്കാണെന്ന്.

വ്യത്യസ്ത ഡിസൈനുകളും കളറുകളും ഉള്ള സിപ്പറുകളും തുണികളും പരീക്ഷിച്ച് നിങ്ങളുടെ ക്രിയാത്മകതയിലൂടെ സ്വന്തം ഡിസൈനിലുള്ള സിപ്പർ പൗച്ചുകൾ ഉണ്ടാക്കൂ.

ഇനി മുന്നോട്ട് പോകൂ പെർഫക്ട് ആകുന്നതുവരെ പ്രാക്ടീസ് ചെയ്യൂ.